**ലേബർ കമ്മീഷണറുടെ നടപടിക്രമം**

(ഹാജർ ശ്രീ.പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്)

വിഷയം : ഗ്രേഡിംഗ് 3 - സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലയിൽ നിന്നും മികച്ച സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

പരാമർശം:
1. സർക്കാർ ഉത്തരവ് (സാധാ)നം 614/2017/തൊഴിൽ തീയതി:05.03.19
2. സർക്കാർ ഉത്തരവ്(കൈ)നം 64/2017/തൊഴിൽ തീയതി:17.08.2017

---

**ഉത്തരവ് നമ്പർ :ഐ.റ്റി 3230/2020 തീയതി:06.11.20**

---

സംസ്ഥാനത്തെ സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് ആസ്പദമാക്കി വർഷം തോറും ഗ്രേഡ് ചെയ്ത് അവാർഡുകൾ നൽകിവരുന്ന ഗ്രേഡിംഗ് പദ്ധതിയുടെ 2019 വർഷത്തെ അസസ്സ്മെന്റ് നടപടികൾ 11.11.2020 മുതൽ ആരംഭിക്കുകയാണ്. കഴിഞ്ഞ രണ്ടു തവണയും ചെയ്തിരുന്നതുപോലെ ഇത്തവണയും എൻട്രികൾ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. തൊഴിൽവകുപ്പിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളതും ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ഉള്ളതുമായ താഴെ പറയുന്ന മേഖലകളിലുള്ള സ്ഥാപനങ്ങൾക്ക് എൻട്രികൾ സമർപ്പിക്കാവുന്നതാണ്.

1. Hospitals
2. Security Establishments
3. Construction Sector
4. Textile Shop
5. Hotels
6. Star Hotels
7. Jewellery
8. IT Establishments
9. Automobile Showrooms
10. Clubs
11. Medical Labs X-Ray/Scanning Centres

സ്ഥാപന ഉടമകൾക്ക് 2020 നവംബർ 11 മുതൽ 2020 നവംബർ 19 വരെ ലേബർ കമ്മീഷണറുടെ വെബ്സൈറ്റ് ആയ lc.kerala.gov.in ൽ ഉള്ള സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് എന്ന മെനു മുഖേന ഗ്രേഡിംഗ് പോർട്ടലിലേക്ക് പ്രവേശിച്ച് ചോദ്യാവലി പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. വേതന സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങൾക്ക് അതേ ലോഗിൻ ക്രഡൻഷ്യൽസ് ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത് ലഭിക്കുന്ന ചോദ്യാവലി പൂരിപ്പിച്ച് സമർപ്പിക്കാൻ കഴിയും. വേതന സുരക്ഷാ പദ്ധതിയിൽ അംഗമല്ലാത്ത സ്ഥാപനങ്ങൾക്ക് അവരുടെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്. തൊഴിലുടമയുടെ സംശയങ്ങൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ദൂരീകരിച്ചു നൽകേണ്ടതാണ്. ആവശ്യമെങ്കിൽ ലേബർ കമ്മീഷണറേറ്റിലെ ഐ.റ്റി സെല്ലിന്റെ സഹായം തേടാവുന്നതാണ്.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽനൈപുണ്യവികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടത്തിലെ സുരക്ഷ എന്നീ പൊതു മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തുന്നത്. സ്ഥാപനങ്ങൾ ഓൺലൈൻ ആയി പൂരിപ്പിച്ചു സമർപ്പിക്കുന്ന ചോദ്യാവലി മൂന്ന് തലങ്ങളിലായി പരിശോധന നടത്തിയാണ് മികച്ച സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാതല കമ്മിറ്റികളും അപ്പലേറ്റ് അതോറിറ്റിയും താഴെ പറയുന്ന ഷെഡ്യൂൾ പ്രകാരം നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1. Online Submission by Employers – 11.11.20 to 30.11.20
2. ALO Verification - 11.11.20 to 05.12.20

3. Verification by District Committee - 15.11.20 to 10.12.20
4. Appeal Submission by Employers - 11.12.20 to 14.12.20
5. RJLC Appeal Processing - 15.12.20 to 19.12.20
6. State Committee - 21.12.20 to 24.12.20
7. Award Ceremony - First week of Jan 21

അതാത് ജില്ലാ ലേബർ ഓഫീസർമാർ(ഇ) തങ്ങളുടെ അധികാരപരിധിയിലുള്ള തൊഴിലുടമകളെ ഗ്രേഡിംഗ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനു വേണ്ട ക്യാംപെയ്നുകൾ ഊർജ്ജിതമായി നടത്തേണ്ടതും തങ്ങളുടെ ജില്ലയിലെ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളുള്ള യോഗ്യരായ എല്ലാ സ്ഥാപന ഉടമകളെക്കൊണ്ടും ഗ്രേഡിംഗ് പോർട്ടൽ മുഖേന എൻട്രികൾ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഗ്രേഡിംഗ് നടപടികളെ സംബന്ധിച്ച വിശദീകരണവും ഓൺലൈൻ ആയി ചോദ്യാവലി പൂരിപ്പിച്ച് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും സഹായങ്ങളും തൊഴിലുടമകൾക്ക് നൽകേണ്ടതുമാണ്.

എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള. യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗിൽ പങ്കെടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും ഓൺലൈൻ ചോദ്യാവലി പൂരിപ്പിച്ച് സമർപ്പിക്കുന്നതിനുവേണ്ട സഹായങ്ങളും നൽകേണ്ടതാണ്. കൂടാതെ ലഭിക്കുന്ന ചോദ്യാവലികൾ സമയബന്ധിതമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്ത് ഉചിതമായ അഭിപ്രായങ്ങൾ ഓൺലൈൻ ആയി രേഖപ്പെടുത്തേണ്ടതുമാണ്.

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ അപ്പീലുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം രൂപീകരിയ്ക്കേണ്ടതും അപ്പീലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് സംസ്ഥാന കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എൻട്രികൾ സ്റ്റേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതുവരെയുള്ള നടപടികൾ സബ് ഓഫീസർമാർ മേൽ ഷെഡ്യൂൾ പ്രകാരം നടത്തുന്നുണ്ടെന്നതും അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഷെഡ്യൂൾ പ്രകാരം സമയം അനുവദിച്ചിട്ടുണ്ടെങ്കിലും ജില്ലാലേബർ ഓഫീസർമാരും അസിസ്റ്റന്റ് ലേബർ ഓഫീസർമാരും അപേക്ഷകളിന്മേലുള്ള പരിശോധനകൾ അപേക്ഷ ലഭിക്കുന്ന ദിവസം തന്നെ പൂർത്തിയാക്കി സമർപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മൂല്യനിർണ്ണയത്തിനായി 2017ൽ രൂപീകരിച്ചിട്ടുള്ള ജില്ലാ കമ്മിറ്റികൾ ഇത്തവണയും തുടരുന്നതാണ്. പ്രവർത്തനങ്ങളെല്ലാം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുതന്നെ നടത്തുവാൻ ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)

ലേബർ കമ്മീഷണർ

എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
ജില്ലാ ലേബർ ഓഫീസർമാർക്കും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും

പകർപ്പ്
അഡീഷണൽ ലേബർ കമ്മീഷണർ ഇ. ഐ.ആർ & വെൽഫെയർ
ജോയിന്റ് ലേബർ കമ്മീഷണർ (പി)
സീനീയർ സൂപ്രണ്ട്, ഇ.എൻ.എഫ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

ജില്ലാ ലേബർ ഓഫീസർ (ഹെഡ് ക്വാർട്ടേഴ്സ്)